LIBRARY ARCHIVES Kerala Legislative Assembly

നെല്ലിമൂട് ജംഗ്ഷനിൽ പോലീസ് എയ്ഡ് പോസ്റ്റ്

104 (4829) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് ജംഗ്ഷനിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനു 2020-ൽ നെയ്യാറ്റിൻകര എം.എൽ.എ. ഡി.ജി.പി.-ക്ക് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടിയെടുത്തെന്ന് വ്യക്തമാക്കാമോ;

&

(ബി) എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടിയെടുക്കാൻ നെയ്യാറ്റിൻകര ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എയ്ഡ് പോസ്റ്റ് എപ്പോൾ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന നെല്ലിമൂട് ജംഗ്ഷനിൽ ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ. സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചിരുന്നു. ഇതിനായി അധിക തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലെന്നും നിലവിലുള്ള അംഗബലം ഉപയോഗിച്ച് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്ലോഗ്

105 (4830) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ നോൺ-ഐ.പി.എസ്. തസ്തികകളിൽ ആകെ എത്ര ഉദ്യോഗസ്ഥരുണ്ട്; പ്രസ്തുത വിഭാഗത്തിൽ മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട എത്ര ഉദ്യോഗസ്ഥരുണ്ടെന്നും ഇതിൽ സംവരണത്തിലൂടെ നിയമിതരായ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്നും അറിയിക്കാമോ;

(ബി) കേരള പോലീസിൽ മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്ലോഗ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം നൽകുമോ;

&

(സി) മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്ലോഗ് നികത്തുന്നതിനായി എൻ.സി.എ. വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ടോ; പ്രസ്തുത വിജ്ഞാപനം ഇറക്കിയത് എന്നാണ്; ആയതിൽ നിയമനപ്രക്രിയ ഏതുവരെയായി; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചു വരുന്നു

പോലീസ് സേനയിൽ ടെക്നിക്കൽ കേഡർ

106 (4831) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ടെക്നിക്കൽ കേഡർ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കേഡറിലേയ്ക്ക് പോലീസിലെ എം.ടെക്., ബി. ടെക്., എം.ബി.എ. തുടങ്ങിയ യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ;

&

(സി) പ്രസ്തുത ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി എസ്.ഐ. -മാരുടെ കീഴിൽ സബ് ഡിവിഷനുകളിൽ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ?

പോലീസ് വകുപ്പിൽ ടെക്നിക്കൽ തസ്തികകൾ നിലവിലുണ്ട്. അതായത് തസ്തികകളുടെ നിയമനത്തിനുള്ള വിശേഷാൽ ചട്ടപ്രകാരമാണ് നിയമനം നടക്കുന്നത്. പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടെക്നിക്കൽ യോഗ്യതയുടെയും പരിശീലനത്തിന്റെയും അടിസ്ഥാനത്തിൽ പോലീസിന്റെ വിവിധ ഉപകരണങ്ങൾ/മെഷീനുകൾ എന്നിവ നന്നാക്കുക, പരിപാലിക്കുക എന്നിങ്ങനെയുള്ള ജോലികൾക്കായി വിവിധ വിഭാഗങ്ങളിൽ നിയോഗിക്കുന്നു.

കേരള പോലീസിലെ വനിതാ പ്രാതിനിധ്യം

107 (4832) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ പോലീസിൽ വനിതാ പ്രാധിനിധ്യം നിലവിൽ എത്ര ശതമാനമാണെന്നറിയിക്കാമോ?

കേരളാ പോലീസിൽ വനിതാ പ്രാതിനിധ്യം നിലവിൽ 9% (ഒൻപത് ശതമാനം) ആണ്. സർക്കാരിന്റെ ഫലപ്രദമായ നടപടിയിലൂടെ നിലവിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 14% - ൽ അധികമായി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly